**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2645** — **13-02-2024 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. വരുമാനത്തിലെ വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പുന:സംഘടനയിലൂടെ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്താനും ജി.എസ്.ടി. വരുമാനം വർദ്ധിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | പുനഃസംഘടനയിലൂടെ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്താനും ജി.എസ്.ടി. വരുമാനം വർദ്ധിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനും നികുതി വെട്ടിപ്പ് ഫലപ്രദമായി തടയുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായാണ് സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ പുനഃസംഘടന നടപ്പിലാക്കിയിട്ടുള്ളത്. ആയതിന്റെ ഭാഗമായി ഇന്റലിജന്റ്സ് & എൻഫോഴ്സ്മെന്റ്, ഓഡിറ്റ്, ടാക്സ്പെയർ സർവീസ് വിഭാഗങ്ങൾ രൂപീകരിച്ച് നികുതി വെട്ടിപ്പ് കണ്ടുപിടിക്കുന്നതിനും തടയുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ വകുപ്പ് കാര്യക്ഷമതയോടെ ഏർപ്പെട്ട് വരുന്നു. പുനഃസംഘടനയുടെ ഭാഗമായി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് മികച്ച പരിശീലനം നൽകിയതിലൂടെ നികുതി നിയമങ്ങളിലും ഇൻവെസ്റ്റിഗേഷൻ, ഓഡിറ്റ് പ്രവർത്തനങ്ങളിലുമുള്ള ഉദ്യോഗസ്ഥരുടെ അറിവ് വർധിച്ചിട്ടുണ്ട്. അതാതു വെർട്ടിക്കലുകളിലെ ഉദ്യോഗസ്ഥർ നിശ്ചയിച്ചിട്ടുള്ള പ്രവർത്തികൾ മാത്രം ചെയ്യുന്നതിലൂടെ അതാതു വെർട്ടിക്കലുകളിലെ പ്രവർത്തനങ്ങളിൽ കൂടുതലായി ശ്രദ്ധ കേന്ദ്രീകരിക്കാൻ സാധിക്കുന്നു. ഇതിലൂടെ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ പ്രൊഫെഷണലിസം വലിയ രീതിയിൽ വർധിച്ചിട്ടുണ്ട്. നികുതിദായകർക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനും പുനഃസംഘടന സഹായകമായിട്ടുണ്ട്. നികുതി വരുമാനത്തിലും വർദ്ധനവ് ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. 2020-21 മുതൽ 2024 ജനുവരി 31 വരെ സംസ്ഥാനത്തിന്റെ നികുതി വരുമാന കണക്കുകൾ ചുവടെ ചേർക്കുന്നു. |

| സാമ്പത്തിക വർഷം | ജി.എസ്.ടി വരുമാനം (കോടിയിൽ) (ഐ.ജി.എസ്.ടി അഡ്ഹോക് ഒഴിവാക്കിയിട്ടുള്ളത്) | നോൺ ജി.എസ്.ടി വരുമാനം (കോടിയിൽ) | ആകെ വരുമാനം (കോടിയിൽ) | വ്യതിയാനം/ വർദ്ധനവ് (കോടിയിൽ) |
|---|---|---|---|---|
| 2020-21 | 19276.53 | 18095.38 | 37371.91 | |
| 2021-22 | 23985.29 | 22446.05 | 46431.34 | 9059.43 |
| 2022-23 | 29195.3 | 26785 | 55980.3 | 9548.96 |
| 2022-23 (31 ജാനുവരി 2023 വരെ) | 23428.84 | 20388.82 | 43817.66 | |
| 2023-24 (31 ജാനുവരി 2024 വരെ | 25712.3 | 20902.83 | 46615.13 | 2797.47 |

| | | | |
|---|---|---|---|
| (ബി) | ജി.എസ്.ടി. വരുമാനം വർദ്ധിപ്പിക്കുന്നതിനും ബില്ല് ചോദിച്ച് വാങ്ങുന്നതിനും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | **നികുതി വരുമാനം വർധിപ്പിക്കുന്നതിനുള്ള നടപടികൾ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. വകുപ്പിന്റെ പുനഃസംഘടന പൂർത്തിയാക്കിയതിനെ തുടർന്ന് ഓരോ വെർട്ടിക്കലുകളിലെയും ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലന പദ്ധതികൾ പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. വകുപ്പിന്റെ കാര്യക്ഷമമായ നികുതി പിരിവിനു ഇത് സഹായകമാകുന്നുണ്ട്. റിട്ടേണുകളുടെ പരിശോധന കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഓഡിറ്റ് നടപടികൾ കൂടുതലായി നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. നികുതി വെട്ടിപ്പ് കണ്ടുപിടിച്ച് തടയുന്നതിലേക്കായി ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. പൊതുജനങ്ങൾ ബില്ല് ചോദിച്ച് വാങ്ങുക എന്ന ഉദ്ദേശത്തോടെ 'ലക്കി ബിൽ' പദ്ധതി നടപ്പിലാക്കി. നികുതി വെട്ടിപ്പ് തടയുന്നതിന് പൊതുജനങ്ങളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഇൻഫൊർമർ റിവാർഡ് സ്കീം തുടരുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ